ട്രാൻസ്പോർട്ടു ബസ്സുകളുടെ ബ്രേക്ക്ഡൗൺ

615 [876] ശ്രീ. സ്റ്റീഫൻ പാദുവ:

,, സി. പി. ഗോവിന്ദൻ നമ്പ്യാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാൻസ്പോർട്ടു ബസ്സുകൾ ബ്രേക്ക്ഡൗൺ മൂലം പല പ്പോഴും വഴിയിൽ കിടക്കുന്ന കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

(ബി) എങ്കിൽ അതിന്റെ കാരണമെന്തെന്ന് വ്യക്തമാക്കുമോ?

(സി) ബസ്സുകൾ അലക്ഷ്യമായി ഓടിക്കുന്നതും ഡ്രൈവർ മാരുടെ കാര്യക്ഷമതക്കുറവും ബ്രേക്ക്ഡൗൺ ഉണ്ടാവുന്നതിന് കാരണ മാണെന്നു കരുതുന്നുണ്ടോ;

(ഡി) ബ്രേക്ക്ഡൗൺ ഒഴിവാക്കുന്നതിന് സത്വരമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ട്രാൻസ്പോർട്ടു ബസ്സുകൾ ബ്രേക്ക്ഡൗൺ ആകുന്ന വിവരം കോർപ്പറേഷന്റെ ശ്രദ്ധയിൽ പെട്ടാൽ ഉടൻ വണ്ടികൾ പരിശോധിച്ച ശേഷം കേടുപാടുകൾ മാറി സർവ്വീസ് നടത്താൻ യോഗ്യമാക്കി തീർക്കാറുണ്ട്.

(ബി) ഓടിക്കൊണ്ടിരിക്കുന്ന വണ്ടികളിൽ ഉണ്ടാകാനിടയുള്ള യന്ത്ര ത്തകരാറുകളാണ് ബ്രേക്ക് ഡൗണുകളുടെ പ്രധാന കാരണം.

(സി) ഇതും ഒരു കാരണമാണ്.

(ഡി) ബ്രേക്ക്ഡൗൺ ഒഴിവാക്കുന്നതിന് ഏറെവും ആവശ്യമായി ട്ടുള്ളത് വർക്കുഷോപ്പു സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയാണ്. കോർപ്പറേ ഷന്റെ നിലവിലുള്ള വർക്കുഷോപ്പുകളിലെ പ്രവർത്തനം കൂടുതൽ കാര്യ ക്ഷമമാക്കുന്നതിനും വർക്കുഷോപ്പ് സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്ന തിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഹരിജൻ വെൽഫെയർ ഹോസ്റ്റലുകൾ

616 [887] ശ്രീ. എ. പി. കുര്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമവും സാമൂഹ്യ വികസനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഹരിജൻ വെൽഫെയർ ഹോസ്റ്റ ലുകൾ ഉണ്ട്?

(ബി) ഇതിൽ ഓരോ ഹോസ്റ്റലിലും വാച്ച്മെൻ, കുക്ക്, പ്യൂൺ, വാർഡൻ തുടങ്ങിയവർ എത്ര വീതമുണ്ട്;

(സി) ഇവരിൽ ഓരോരുത്തരുടെയും പ്രവർത്തി സമയം എത്ര വീതം;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇവർ 24-മണിക്കൂറും സ്ഥാപനത്തിലുണ്ടായിരിക്കണമെന്ന നിർദ്ദേശം ഗവൺമെൻറ് നൽകിയിട്ടുണ്ടോ;

(ഇ) 24 മണിക്കൂറും പണിചെയ്യുന്ന ഈ ജീവനക്കാരെ പാർട്ട്-ടൈം ജീവനക്കാരായി കണക്കാക്കുന്നത് എന്തടിസ്ഥാനത്തിലാണ്;

(എഫ്) വെക്കേഷൻ കാലത്തും ഇവർ അതത് സ്ഥാപനത്തിൽ ഉണ്ടായിരിക്കണമെന്ന് നിർദ്ദേശമുണ്ടോ?

ഉത്തരം

(എ) ഹരിജനക്ഷേമവകുപ്പിൻെറ കീഴിൽ മൊത്തം 72 വെൽഫെയർ ഹോസ്റ്റലുകൾ ഉണ്ട്.

(ബി) വാർഡൻ - 1
കുക്ക് - 2
സ്വീപ്പർ.കം.വാച്ച്മേൻ 1

(സി) ഹോസ്റ്റൽ ജീവനക്കാരുടെ പ്രവർത്തി സമയം നിശ്ചയിച്ചുകൊണ്ട് ചട്ടങ്ങളൊന്നും പുറപ്പെടുവിച്ചിട്ടില്ല. സ്വീപ്പർ.കം.വാച്ച്മേൻ ഹോസ്റ്റലിൽ മുഴുവൻ സമയവും ഉണ്ടായിരിക്കണം എന്നതാണ് നിലവിലുള്ള കീഴ്വഴക്കം. വാർഡൻ, കുക്ക് എന്നിവരുടെ സേവനം രാവിലെ 5 മണി മുതൽ രാത്രി 9 മണി വരെ അനിവാര്യമാണ്.

(ഡി) ഇല്ല.

(ഇ) പ്രത്യേക അടിസ്ഥാനമൊന്നുമില്ല. ആദ്യമായി ഹോസ്റ്റൽ അനുവദിച്ചുകൊണ്ട് ഉത്തരവു പുറപ്പെടുവിച്ചപ്പോൾ ഹോസ്റ്റലിലെ എല്ലാ തസ്തികകളും പാർട്ട്-ടൈം കണ്ടിൻജൻസി വിഭാഗത്തിൽ ഉൾപ്പെടുത്തിക്കൊണ്ട് സൃഷ്ടിക്കുകയാണുണ്ടായത്. ഇപ്പോഴും ടി തസ്തികകളിൽ വാർഡൻ ഒഴികെ മറ്റു തസ്തികകൾ അതേപടി തുടരുകയാണ്. ഇപ്പോൾ വാർഡൻെറ തസ്തിക ലോവർ ഡിവിഷൻ ക്ലാർക്കിൻെറ തസ്തികക്ക് സമാനമാക്കിയിട്ടുണ്ട്.

(എഫ്) സ്വീപ്പർ.കം.വാച്ച്മേൻ അവധിക്കാലത്തു കെട്ടിടവും, ഗവൺമെൻറ് വക സാധനങ്ങളും സൂക്ഷിക്കുന്നതിന് ഹോസ്റ്റലിലുണ്ടായിരിക്കണമെന്നു നിഷ്കർഷിക്കാറുണ്ട്. കുക്ക് അവധിക്കാലത്ത് ഹോസ്റ്റലിൽ ഉണ്ടായിരിക്കണമെന്ന് നിർബന്ധമില്ല. വാർഡൻമാരെ വെക്കേഷൻ സ്റ്റാഫായി പ്രഖ്യാപിച്ചിട്ടുണ്ട്.

സംവരണാനുകൂല്യങ്ങളും വിദ്യാഭ്യാസാനുകൂല്യങ്ങളും സംബന്ധിച്ച നിർദ്ദേശങ്ങൾ

617 [895] ശ്രീ. പി. കെ. ചാത്തൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമവും സാമൂഹ്യ വികസനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ഈഴവ-തിയ്യ സമുദായത്തിൽപ്പെട്ട ചിലർക്ക് പട്ടികജാതി സമുദായത്തിൽപ്പെട്ടതാണെന്ന നിലയിൽ സംവരണാനുകൂല്യങ്ങളും വിദ്യാഭ്യാസാനുകൂല്യങ്ങളും നൽകി വരുന്നതിനെ

LIBRARY ARCHIVES Kerala Legislative Assembly